ഉത്തരം

(എ) ഉണ്ടായിരുന്നു. എന്നാൽ ഈ സർക്കാർ സാമ്പത്തിക പ്രതിസന്ധി മൂലം പ്രസ്തുത തീരുമാനം പിൻവലിക്കുകയുണ്ടായി.

(ബി ആന്റ് സി) വകുപ്പ് രൂപീകരിക്കുന്നത് സംബന്ധിച്ച കാര്യം സർക്കാർ വീണ്ടും പരിശോധിച്ചുവരുന്നു.

പട്ടികവർഗ്ഗക്കാരുടെ കടബാദ്ധ്യത

121 [284] ശ്രീ. കെ. സി. വേണുഗോപാൽ:
,, ജി. പ്രതാപവർമ്മ തമ്പാൻ:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, പി. ജെ. ജോയി:
,, പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെ കടത്തെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം നൽകുമോ;

(സി) അതേപ്പറ്റി പഠിക്കാത്ത പക്ഷം അവരുടെ കടബാദ്ധ്യതകളെപ്പറ്റി പഠനം നടത്തുവാൻ ഏർപ്പാടുണ്ടാക്കുമോ;

(ഡി) അവർക്കു പതിച്ചു കൊടുക്കുന്ന ഭൂമി നഷ്ടപ്പെടുന്ന സാഹചര്യം എന്താണ്;

(ഇ) അവർക്ക് കടബാദ്ധ്യതയുള്ള പക്ഷം അതെഴുതിത്തള്ളാൻ നടപടി യെടുക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) തൽക്കാലം പരിഗണനയിൽ ഇല്ല.

(ഡി) സാമ്പത്തിക പരാധീനതയും അജ്ഞതയും മറ്റുള്ളവരുടെ ചൂഷണവും സ്വതവേയുള്ള അലസതയുമാണ് ഭൂമി നഷ്ടപ്പെടുന്നതിനുള്ള കാരണങ്ങൾ എന്നാണ് കരുതുന്നത്.

(ഇ) ഈ കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly